**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 414** **11-06-2024 - ൽ മറുപടിയ്ക്ക്**

**ലോക കേരള സഭയും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിന് നാളിതുവരെ നടന്ന ലോക കേരള സഭ ഏതെങ്കിലും തരത്തിൽ സഹായിച്ചിട്ടുണ്ടോ; എങ്കിൽ കണക്കുകളുടെ അടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിലും ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള പ്രവാസി കേരളീയരുടെ കൂട്ടായ്മയും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും കേരളീയ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക വികസനത്തിനായി പ്രവാസികളെ സംസ്ഥാനവുമായി സമന്വയിപ്പിക്കുന്നതിനും ക്രിയാത്മകമായ നിർദ്ദേശങ്ങളും സംഭാവനകളും നൽകുന്നതിനും അവരുടെ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനുമായി കേരളത്തിലെ ജനപ്രതിനിധികളോടൊപ്പമുള്ള ഒരു പൊതുവേദി എന്നതാണ് ലോക കേരള സഭയുടെ രൂപീകരണം കൊണ്ട് സാധ്യമായത്. വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള വേദിയായിട്ടല്ല ലോക കേരള സഭ വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത വേദിയുടെ രൂപീകരണത്തിലൂടെ പ്രവാസികളുടെയും കേരളത്തിന്റെയും സർവതോന്മുഖമായ ഉന്നതിയാണ് ലക്ഷ്യമിടുന്നത്. കഴിഞ്ഞ സഭകളിലെ ചർച്ചകളും നിർദ്ദേശങ്ങളും ഈ ലക്ഷ്യത്തെ സാധൂകരിക്കുന്നതായിരുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക ഉന്നമനത്തിന് ലോക കേരള സഭ പരോക്ഷമായ സംഭാവന നൽകുന്നുണ്ട്. |
| (ബി) | സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് ലോക കേരള സഭ ഏതെല്ലാം തരത്തിൽ സഹായിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിലും ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള പ്രവാസി കേരളീയരുടെ കൂട്ടായ്മയും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും കേരളീയ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക വികസനത്തിനായി പ്രവാസികളെ സംസ്ഥാനവുമായി സമന്വയിപ്പിക്കുന്നതിനും ക്രിയാത്മകമായ നിർദ്ദേശങ്ങളും സംഭാവനകളും നൽകുന്നതിനും അവരുടെ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനുമായി കേരളത്തിലെ ജനപ്രതിനിധികളോടൊപ്പമുള്ള ഒരു പൊതുവേദി എന്നതാണ് ലോക കേരള സഭയുടെ രൂപീകരണം കൊണ്ട് സാധ്യമായത്. വികസന പദ്ധതികൾ |

| | | | |
|---|---|---|---|
| | | | ആസൂത്രണം ചെയ്യുന്നതിനുള്ള വേദിയായിട്ടല്ല ലോക കേരള സഭ വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത വേദിയുടെ രൂപീകരണത്തിലൂടെ പ്രവാസികളുടെയും കേരളത്തിന്റെയും സർവതോന്മുഖമായ ഉന്നതിയാണ് ലക്ഷ്യമിടുന്നത്. കഴിഞ്ഞ സഭകളിലെ ചർച്ചകളും നിർദ്ദേശങ്ങളും ഈ ലക്ഷ്യത്തെ സാധൂകരിക്കുന്നതായിരുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക ഉന്നമനത്തിന് ലോക കേരള സഭ പരോക്ഷമായ സംഭാവന നൽകുന്നുണ്ട്. |
| (സി) | നാളിതുവരെ നടന്ന ലോക കേരള സഭയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഓരോ സമ്മേളനത്തിനും ചെലവഴിച്ച തുകയുടെ വിശദാംശം തരംതിരിച്ച് ലഭ്യമാക്കുമോ; | (സി) | ലോക കേരള സഭയുടെ ഒന്നാം സമ്മേളനത്തിനായി 2,03,21,861/-രൂപയും രണ്ടാം സമ്മേളനത്തിനായി 1,21,68,733/ രൂപയും, മൂന്നാം സമ്മേളനത്തിനായി 1,14,49,533/- രൂപയും, ഉൾപ്പെടെ ഇതുവരെ ലോക കേരള സഭയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് **4,39,40,127/-** (നാല് കോടി മുപ്പത്തിയൊൻപത് ലക്ഷത്തി നാലപ്പത്തിനായിരത്തി ഒരുന്നൂറ്റി ഇരുപത്തിയേഴ് രൂപ മാത്രം) രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | 2024-ലെ ലോക കേരള സഭയ്ക്കായി എത്ര തുക നീക്കി വച്ചിട്ടുണ്ടെന്ന് അറിയിക്കുമോ? | (ഡി) | നടപ്പ് സാമ്പത്തിക വർഷം 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ